**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2525** **27-02-2023 - ൽ മറുപടിയ്ക്ക്**

**കയർ ഭൂവസ്ത്ര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ എത്രകോടി രൂപയുടെ കയർ ഭൂവസ്ത്രം ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ ഉല്പാദിപ്പിക്കപ്പെട്ട 397.36 കോടി രൂപയുടെ കയർ ഭൂവസ്ത്രം കേരള സംസ്ഥാന കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോംമാറ്റിംഗ്സ്(ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ സംഭരിച്ച് വിപണനം നടത്തിയിട്ടുണ്ട്. |
| (ബി) | നദീതട സംരക്ഷണത്തിന് ഇത് വ്യാപകമാക്കാൻ എന്തു നടപടികളാണ് കയർ വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ, കേരളത്തിലെ എല്ലാ ജില്ലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തികളിൽ മണ്ണൊലിപ്പ് തടയുന്നതിനും പാടശേഖരങ്ങളുടെയും മറ്റും പുറം ബണ്ടുകൾ ബലപ്പെടുത്തുന്നതിനും, തോട് നദീസംരക്ഷണ ത്തിനുമായി, കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ്, എന്നിവ വഴി കയർ ഭൂവസ്ത്രം വിതരണം നടത്തി വരുന്നുണ്ട്. കൂടാതെ, കയർ ഭൂവസ്ത്രം ഉപയോഗിച്ച് നദീതടങ്ങൾ സംരക്ഷിക്കുന്നത് വ്യാപകമാക്കുന്നതിനു വേണ്ടി ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്.<br><br>കണ്ണൂർ ജില്ലാ പഞ്ചായത്തും, മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി നടത്തുന്ന 'നഗര സഞ്ചയ പദ്ധതി'-യുടെ ഭാഗമായി അഞ്ചരക്കണ്ടിപ്പുഴയുടെ തീരം കയർ ഭൂവസ്ത്രം ഉപയോഗിച്ച് സുസ്ഥിരപ്പെടുത്തുന്നതിനുള്ള 40 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് കയർഫെഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ